**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 718** **10-02-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ കാർഷിക കണക്ഷനുകൾ- സോളാർ വൈദ്യുതിയിലേക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സൗജന്യ കാർഷിക കണക്ഷനുകൾ കാർബൺ ന്യൂട്രൽ കൃഷിയിടം പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ വൈദ്യുതിയിലേക്ക് മാറ്റുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് '**പി. എം. കുസും പദ്ധതി (PM KUSUM)**.' പ്രസ്തുത പദ്ധതിയിലൂടെ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം അനെർട്ട് നടപ്പിലാക്കുന്നു. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ കൃഷിഭവനുകളായ അടാട്ട്, വേളൂർ, തോളൂർ, കൈപ്പറമ്പ്, അവണൂർ എന്നിവിടങ്ങളിൽ അനെർട്ട് PM- KUSUM NABARD സ്കീമിന്റെ ഭാഗമായി LOA (Letter of Acceptance) നൽകിയിട്ടുണ്ട്. സാധ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ അംഗീകൃത ഏജൻസികൾ സർവ്വേ നടത്തി വരുന്നു. പ്രോജക്ടിന്റെ ഭാഗമായി 84 വർക്ക്സൈറ്റുകളിൽ ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 39 സൈറ്റുകളിൽ സൗരോർജ്ജനിലയം സ്ഥാപിക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. പമ്പുകളുടെ സൗരോർജ്ജവല്ക്കരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കോൾപ്പടവുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | കേന്ദ്രാനുമതി ലഭിച്ച 9,348 പമ്പുകളിൽ 5,955 പമ്പുകളുടെ സൗരോജ്ജവൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നതിൽ, കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളും ഉൾപ്പെടുന്നു. 20 hp മുതൽ 100hp വരെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ് ഇതിൽ ഉൾപ്പെടുന്നത്. വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പടവുകളിൽ വിവിധ പാടശേഖര സമിതികളുടെ കീഴിലുള്ള പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടത്തുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നെൽ കൃഷി നടക്കുന്നതിനാൽ നെല്ല് കൊയ്ത്തതിനു ശേഷം മാത്രമേ ഫൗണ്ടേഷൻ ജോലികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 2025, മാർച്ച് |

| | | | |
|---|---|---|---|
| | | | ഏപ്രിൽ മാസങ്ങളിലായി കൊയ്ത്ത് കഴിഞ്ഞ ശേഷം സാധ്യമായ സൈറ്റുകളിൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ